കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി - പൊതുമരാമത്ത് പ്രവൃത്തികളുടെ മുൻയോഗ്യതാ നിർണ്ണയ ദർഘാസിന്റെ പരിശോധനയും അംഗീകാരവും നൽകുന്നതിനുള്ള ചുമതലകൂടി സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(എം.എസ്) 06/09 / തസ്വഭവ തിരുവനന്തപുരം , തീയതി , 17.01.09

---

പരാമർശം :- 1. സ.ഉ.(എം.എസ്)നം.249/07/തസ്വഭവ തീയതി 1.11.07.
2. സ.ഉ.(എം.എസ്)നം.10/08/തസ്വഭവ തീയതി 08.01.08
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 1.12.08-ലെ ഡിബി2-156/സി.ഇ/തസ്വഭവ/08 -ാം നമ്പർ കത്ത്.
4. 29.12.08-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ 2.48 -ാം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ സാങ്കേതിക പരിശോധന, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ രേഖയിലെ നിർദ്ദേശ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായ സബ്ഗ്രൂപ്പിന്റെ അധികാര പരിധിയിൽ കൂടുതൽ എസ്റ്റിമേറ്റ് തുകയുള്ള /പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള , പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി/പുതുക്കിയ സാങ്കേതികാനുമതി എന്നിവ നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായി 8 അംഗങ്ങളുള്ള ഒരു സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരാമർശം (2)-ലെ ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി.

(2) പരാമർശം (3)-ലെ കത്ത് പ്രകാരം, 200 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയുടെ മുൻയോഗ്യതാ നിർണ്ണയ ടെണ്ടറിന്റെ പരിശോധനയും അനുമതിയും നൽകുന്നതിനുള്ള ചുമതലകൂടി പരാമർശം (2)-ലെ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിക്ക് നൽകി ഉത്തരവാകണമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭ്യർത്ഥനയുടേയും പരാമർശം (4)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 200 ലക്ഷം രൂപയിൽ കൂടുതൽ മതിപ്പു ചെലവു വരുന്ന പ്രവൃത്തികളുടെ മുൻയോഗ്യതാ നിർണ്ണയ ദർഘാസിന്റെ പരിശോധനയും അംഗീകാരവും നൽകുന്നതിനുള്ള ചുമതല കൂടി 200 ലക്ഷം രൂപയ്ക്ക് മുകളിൽ മതിപ്പ് ചെലവ് വരുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി

നൽകുന്നതിലേക്കായി പരാമർശം (2)-ലെ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിക്ക് നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.സഫിയാ ബീവി
ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും.
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കുംസെക്രട്ടറിമാർക്കും.
4.എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
5.എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6.എല്ലാ മുനസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
7.എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
8.എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെയും ചെയർമാൻമാർക്കും
9. എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെയും കൺവീനർമാർക്കും.
10.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
11.ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12.നഗരകാര്യ വികസന ഡയറക്ടർ, തിരുവനന്തപുരം.
13.എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
14.ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്.
15.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
16.എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി)മാർക്കും.
17.സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
18.എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
19.മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
20.എല്ലാ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും.
21.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്.
22.മേഖലാ ജോയിന്റ് ഡയറക്ടർമാർ (നഗരകാര്യം)
23.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്.
24.ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
25.സെക്രട്ടറി , ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
26.സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
27.സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ.
28.സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം. - ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.
29.എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
30.ഡയറക്ടർ , കില, മുളങ്കുന്നത്തുകാവ്, തൃശൂർ.
31.എസ്.ഐ.ആർ.ഡി., കൊട്ടാരക്കര.
32.സ്റ്റോക്ക് ഫയൽ/ഓ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.